**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5829** **25-03-2025 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ ഗവണ്മെന്റ് കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 20-07-2021-ലെ G.O (Rt) No.935/2021/HEDN നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരം ചിറ്റൂർ ഗവ.കോളേജിന്റെ അടിസ്ഥാന സൌകര്യ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിന് കിറ്റ്കോ - യെ പദ്ധതി നിർവ്വഹണ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് 01-09-2021-ലെ G.O (Rt) No.1139/2021/H.Edn dated 01-09-2021 പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ-നെ സർക്കാർ എസ്.പി.വി ആയി ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ടി പദ്ധതിക്കായി എസ്.പി.വി സമർപ്പിച്ച ശിപാർശ കിഫ്ബി പരിശോധിക്കുകയും 13-02-2025-ൽ കൂടിയ കിഫ്ബിയുടെ 52-ാമത് ജനറൽ ബോഡി യോഗം പദ്ധതിക്ക് 10.30 കോടി രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും നിർമ്മാണം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) | ബോർഡ് അംഗീകാരം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ, ടി പദ്ധതിക്ക് 10.30 കോടി രൂപയുടെ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്നു. ആയത് പുറപ്പെടുവിച്ച് എസ്.പി.വി-യ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കിഫ്ബി പദ്ധതിക്ക് ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും, ഇത്തരം പദ്ധതികൾ തടസം കൂടാതെ പുരോഗമിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ബഹു.മന്ത്രി/എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിലും കിഫ്ബിയിലെ ഉദ്യോഗസ്ഥ തലങ്ങളിലും യോഗങ്ങൾ വിളിച്ചുചേർത്ത് |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ, ഇതിലേക്കായി നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക്, അവ പരിഹരിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ